# Malankara Mar Thoma Syrian Church

Apostolic See of St. Thomas

DR. JOSEPH MAR THOMA METROPOLITAN

Poolatheen, Tiruvalla P.O.,
Pathanamthitta Dist., Kerala - 689 101, India


## പൊതുജനാരോഗ്യം സംരക്ഷിക്കാൻ
## ഒരുമയുടെ ആത്മീയത അനിവാര്യം

**മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

കൊറോണ വൈറസ് ബാധ മൂലം ഉളവാകുന്ന കോവിഡ് 19 എന്ന രോഗം വരുത്തിവെച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ അവസ്ഥാവിശേഷങ്ങളിലൂടെ നമ്മുടെ സംസ്ഥാനവും രാജ്യവും ലോകരാഷ്ട്രങ്ങൾ തന്നെയും കടന്നുപോകുന്നതായ സാഹചര്യത്തിൽ ഈ രോഗബാധയെ പ്രതിരോധിക്കുന്നതിനായി നമ്മുടെ സംസ്ഥാന ഗവണ്മെന്റും കേന്ദ്ര ഗവണ്മെന്റും പൊതു സമൂഹവും ഒരുമിച്ചു നിന്ന് ജാഗ്രതയോടെ രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ പൊതുജനാരോഗ്യ സംരക്ഷണത്തിനായി ഒരുമയുടെ ആത്മീയതയിൽ ഊന്നി പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വം മാനവികതയെ മാനിക്കുകയും മനുഷ്യജീവന് വിലകൽപ്പിക്കുകയും ചെയ്യുന്ന എല്ലാവരുടേയും ഉത്തരവാദിത്വമാണ് ഇക്കാര്യത്തിൽ ജാതിമത ഭേദമെന്യേ ഒരുമിച്ചു നിന്ന് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ശക്തി പകരുവാൻ എല്ലാവരും ഒരുമിച്ച് സഹകരിക്കേണ്ട ഒരു സന്ദർഭമാണ് വന്നുചേർന്നിരിക്കുന്നത്. രോഗപ്രതിരോധത്തിനായി നമ്മുടെ സംസ്ഥാന ഗവണ്മെന്റ് സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വിശദീകരിക്കുന്നതിനും ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നതിനുമായി നമ്മുടെ കേരളാ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയതായ വീഡിയോ കോൺഫറൻസിൽ പ്രത്യേകം ക്ഷണപ്രകാരം ഞാനും പങ്കെടുക്കുകയുണ്ടായി. കഴിഞ്ഞ ദിവസം നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രി രാഷ്ട്രത്തോടു ചെയ്ത പ്രഭാഷണത്തിലും കോറോണോ വൈറസ് ബാധയെ പ്രതിരോധിക്കുന്നതിനായുള്ള വിവിധ മാർഗ്ഗങ്ങളെ കുറിച്ചും നാം സ്വീകരിക്കേണ്ട സമീപനങ്ങളെ കുറിച്ചും വ്യക്തമാക്കുകയുണ്ടായല്ലോ. നമ്മുടെ സമൂഹത്തിന്റെയും ദേശത്തിന്റെയും പൊതു സുരക്ഷയെ കരുതി നമ്മുടെ ഭരണകർത്താക്കൾ നിർദ്ദേശങ്ങൾ നൽകുമ്പോൾ ഈ രാജ്യത്തെ പൗരന്മാരെന്ന നിലയിൽ നാമും അതിനോട് സഹകരിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ പൊതു സമൂഹത്തിന്റെ സുരക്ഷയെ കരുതി പൊതു നന്മയ്ക്കായി സർക്കാരുകൾ നൽകുന്ന പ്രബോധനങ്ങൾ സ്വീകരിച്ചുകൊണ്ട്  നമ്മുടെ ആരാധനാ രീതികളിലും ക്രമങ്ങളിലും ചില ക്രമീകരണങ്ങൾ ചെയ്യേണ്ടത് സഭയുടെയും നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ് എന്ന് ഓർമ്മിപ്പിക്കട്ടെ. ഇത് സംബന്ധമായി ആവശ്യമായിരിക്കുന്ന ക്രമീകരണങ്ങളെ കുറിച്ച്  അറിയിക്കുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടർ മാർച്ച് ആദ്യവാരത്തിൽ വിളിച്ചുകൂട്ടിയ മത നേതാക്കളുടെയും സമുദായ നേതാക്കളുടെയും സമ്മേളനത്തിൽ രൂപീകരിക്കപ്പെട്ട പൊതു നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നാം മാർച്ച് 10-ാം തീയതി ഒരു സർക്കുലർ കല്പന മാർത്തോമ്മാ സഭയുടെ വെബ്സൈറ്റിലൂടെയും ഇതര സംവിധാനങ്ങളിലൂടെയും എല്ലാവരേയും അറിയിച്ചിരുന്നതാണ്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം മനസ്സിലാക്കിയും നമ്മുടെ ഭരണ സംവിധാനങ്ങളുടെ നിർദ്ദേശങ്ങൾ പാലിച്ചും പള്ളികളിലും ആരാധനാ ഇടങ്ങളിലും കൂട്ടമായി ചേർന്നു വരുന്നതിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയും മാർച്ച് 22-ാം തീയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ 10 മണി വരെയുള്ള സമയത്ത് സഭയുടെ നേതൃത്വത്തിലുള്ള ഒരു പരസ്യാരാധന തിരുവല്ലാ Poolatheen Chapel - ൽ നിന്നും സംപ്രേക്ഷണം ചെയ്യുവാൻ ക്രമീകരണം ചെയ്തിരിക്കുകയാണ്. യു റ്റൂബിലൂടെയും മാർത്തോമ്മാ സഭയുടെ ഫേസ്ബുക്ക് പേജിലൂടെയും ഈ പരസ്യാരാധനയുടെ ദൃശ്യങ്ങൾ കാണാവുന്നതാണ്. ഈ സന്ദർഭത്തിൽ പ്രാർത്ഥനാ നിരതരായി വിശ്വാസസമൂഹത്തിന് ആരാധനയുടെ ഭാഗമായി തീരാവുന്നതാണ്. കഴിഞ്ഞ നൂറ്റാണ്ട് രണ്ട് ലോകമഹായുദ്ധങ്ങൾ ഉൾപ്പെടെയുള്ള അനേകം യുദ്ധങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒരു നൂറ്റാണ്ടായിരുന്നുവല്ലോ. പണ്ട് ലോകമഹായുദ്ധം നടന്ന കാലഘട്ടത്തിൽ യുദ്ധഭീതിയിൽ ആ യുദ്ധത്തിൽ പങ്കാളികളായ ലോകത്തിലെ പല രാജ്യങ്ങളും പരിഭ്രാന്തിയിലായിപ്പോയിരുന്നു എന്നതൊരു യാഥാർത്ഥ്യമാണ്. എന്നാൽ ആ യുദ്ധത്തേക്കാൾ ഭീകരമായ ഒരു അവസ്ഥയിൽ കൊറോണോ വൈറസ് ബാധ മൂലം ലോകമെമ്പാടും ഇന്ന് ഒരുപോലെ ഭീതിയുടെ നിഴലിലായിരിക്കുകയാണ്. ഈ വസന്ത ഒഴിവാക്കപ്പെടേണ്ടതിനായി മുട്ടിപ്പായി നമുക്ക് പ്രാർത്ഥിക്കാം. ഓരോരുത്തരും ആയിരിക്കുന്ന ഇടങ്ങളിൽ ദൈവസന്നിധിയിൽ വിനയത്തോടുകൂടി രോഗബാധ മൂലം കഷ്ടപ്പെടുന്നവരുടെ സൗഖ്യത്തിനായും ഈ പകർച്ചവ്യാധിയുടെ നിയന്ത്രണത്തിനും രോഗ ചികിത്സക്കുമായി അഹോരാത്രം പ്രവർത്തിക്കുന്ന ആതുര ശുശ്രൂഷാ പ്രവർത്തകർക്കായും പ്രത്യേകം ഈ പരസ്യാരാധനയിൽ ഹൃദയപൂർവ്വം പങ്കുചേർന്നുകൊണ്ട് പ്രാർത്ഥിക്കേണ്ടതാണ്. ഈ കാലഘട്ടത്തിൽ ഗവണ്മെന്റുകൾ ഓരോ സമയത്തും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യനിഷ്ഠയോടുകൂടി പാലിക്കുവാൻ വ്യക്തികളുടെയും പൊതുസമൂഹത്തിന്റെയും ആരോഗ്യം സംരക്ഷിക്കുവാൻ ഉത്തരവാദിത്വമുള്ള എല്ലാവരുടേയും കടമയാണെന്ന് ഓർമ്മിപ്പിക്കട്ടെ. ഈ നോമ്പുകാലം പ്രാർത്ഥനയിലും ഉപവാസത്തിലും ധ്യാനത്തിലും കൂടുതലായി ജാഗരിക്കുവാൻ സമയം വേർതിരിക്കുകയും ദൈവസന്നിധിയിൽ വിനയപ്പെട്ട് ആത്മശുദ്ധീകരണം പ്രാപിച്ച് കൂടുതൽ മെച്ചപ്പെട്ട മനുഷ്യരായി വളരുവാൻ ഇടയാകേണ്ടതിനായി പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ വേദനകളിൽ, നമ്മുടെ രോഗങ്ങളിൽ, ഭയത്തിന്റെ താഴ്വരകളിൽ നാം ഉഴലുന്ന അനുഭവങ്ങളിൽ നാം ഏകാന്തപഥികരല്ല, പിന്നെയോ നമ്മോടൊപ്പം നമ്മെ സൗഖ്യത്തിലേക്ക് വഴി നടത്തുവാൻ, നമ്മെ നിരാശയിൽ നിന്നും ഭയത്തിൽ നിന്നും വിടുവിച്ച് പ്രതീക്ഷകളിലേക്ക് ഉണർത്തുവാൻ സർവ്വശക്തനായ ദൈവം നമ്മോടുകൂടെയുണ്ട്. കൃപാലുവായ ദൈവമേ, ലോകത്തിന് സൗഖ്യം വരുത്തേണമേ എന്നു നമുക്ക് ഒരുമയോടെ പ്രാർത്ഥിക്കാം. പ്രതിസന്ധികളിൽ തളർന്നുപോകാതെ, നിതാന്ത ജാഗ്രതയാണ് രോഗപ്രതിരോധത്തിന്റെ ഊർജ്ജം എന്ന് തിരിച്ചറിഞ്ഞുകൊണ്ട് മുമ്പോട്ടു പോകുവാൻ ദൈവം നമ്മെ എല്ലാവരേയും കൃപയുടെ നിറവിൽ സൗഖ്യവും സമാധാനവും നൽകി ശക്തീകരിക്കട്ടെ.

Thiruvalla,
21.03.2020

DR. JOSEPH MAR THOMA METROPOLITAN


Ph: 0469-2630313, 2602626 (O), 2601210 (P), Mob: 9447370700, 9961963090, E-mail: metropolitan@marthoma.in